(ബി) അമ്പത് ലക്ഷത്തിലധികം രൂപ കുടിശ്ശികയുള്ള ഉപഭോക്താക്കൾ/ കമ്പനികൾ/വ്യവസായങ്ങൾ എന്നിവ നിലവിലുണ്ടോ ;

(സി) എങ്കിൽ അവരുടെ പേരുവിവരവും കുടിശ്ശിക തുകയും പ്രത്യേകം വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിവരം ജില്ല തിരിച്ച് നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഇതിൽ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട കുടിശ്ശികയുടെ വിവരം പ്രത്യേക കോളത്തിൽ കാണിച്ചിരിക്കുന്നു. *

വൈദ്യുതി കുടിശ്ശിക

48 (7884) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ 2014 വരെ യുള്ള മാർച്ച് 31-ലെ സ്റ്റേറ്റ്മെന്റുകൾ പ്രകാരം വൈദ്യുതി വകുപ്പിന് കുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള ഓരോ വർഷത്തേയും തുക എത്രയെന്നും ഉപഭോക്താക്കൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി വകുപ്പിന് ഏറ്റവുമധികം കുടിശ്ശിക നൽകുവാനുള്ള ആദ്യത്തെ പത്ത് സർക്കാരിതര ഉപഭോക്താക്കളുടെ പേരുവിവരം നൽകുമോ ;

(സി) 2012-13, 2013-14 വർഷങ്ങളിൽ കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്നും എത്ര ഉപഭോക്താക്കളിൽ നിന്നാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 മുതൽ 2014 വരെയുള്ള മാർച്ച് 31- ലെ സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള കുടിശ്ശിക തുക അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* എൽ.റ്റി. വിഭാഗത്തിലും എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിലുമുൾപ്പെടുന്ന കേന്ദ്ര/സംസ്ഥാന സർക്കാർ/ പൊതുമേഖലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈസൻസികൾ, ഇന്റർസ്റ്റേറ്റ് എനർജി, പ്രൈവറ്റ് മേഖലയിലെ സ്ഥാപനങ്ങൾ, വ്യക്തികൾ ഇടങ്ങി എല്ലാ വിഭാഗത്തിലുമുൾപ്പെട്ട ഉപഭോക്താക്കൾ കുടിശ്ശിക വരുത്തിയതിൽ ഉൾപ്പെടുന്നു.

(ബി) പ്രൈവറ്റ് മേഖലാ സ്ഥാപനങ്ങളിൽ ഏറ്റവുമധികം കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.*

(സി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ 2012-13 കാലയളവിൽ 375 ഉപഭോക്താക്കളിൽനിന്നും 223.53 കോടി രൂപയും 2013-14 കാലയളവിൽ 407 ഉപഭോക്താക്കളിൽനിന്നും 259.68 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തു. എൽ.റ്റി. വിഭാഗത്തിൽനിന്നും 2012-13 കാലയളവിൽ 2557550 ഉപഭോക്താക്കളിൽനിന്ന് 176.16 കോടി രൂപയും 2013-14 കാലയളവിൽ 267940 ഉപഭോക്താക്കളിൽനിന്ന് 198.58 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

കുടിശ്ശിക അടച്ചുതീർക്കാത്ത സ്ഥാപനങ്ങൾ

49 (7885) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക അടച്ചുതീർക്കാത്ത ഏതെങ്കിലും സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഭീമമായ കുടിശ്ശിക വരുത്തിയതിന് കണക്ഷൻ വിച്ഛേദിച്ച എത്ര സ്ഥാപനങ്ങളുണ്ട് ; പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശികത്തുക സഹിതം ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ട്. എച്ച്.റ്റി. വിഭാഗത്തിന് പ്രധാനമായും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ് സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും തവണ വ്യവസ്ഥയിൽ പണമടയ്ക്കുന്ന ഉപഭോക്താക്കൾക്കും കോടതിയുടെ നിർദ്ദേശപ്രകാരം മുഴുവൻ തുക അടയ്ക്കാതെ കണക്ഷൻ പുനഃസ്ഥാപിച്ചു കിട്ടിയവർക്കും മുഴുവൻ കുടിശ്ശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.